

# QUEST

## The Complete Digital Magazine

By

Little Kites Unit

2019

# സംസ്ഥാനത്തെ ആദ്യ സമ്പൂർണ്ണ ഹൈടെക് വിദ്യാലയം....



ഇന്ന് നമ്മുടെ ജീവിത പശ്ചാത്തലം വളരെ പെട്ടന്നാണ് മാറിക്കൊണ്ടിരിക്കുന്നത്. മുൻ തലമുറയെ അപേക്ഷിച്ച് ആശയ വിനിമയ ലോകത്ത്, പുതുതലമുറ ഏറെ മുമ്പിലാണ്. പഴയകാല ആശയവിനിമയോപാധികളായിരുന്ന താളിയോല, കമ്പി സന്ദേശം, ഇൻലന്റ് തുടങ്ങി ഇന്ന് ഇന്റർനെറ്റ് വരെ എത്തി. ഇന്ന് എല്ലാം മാറി ഫോൺ, ഫോണിൽ നിന്നും സ്മാർട്ട് ഫോൺ. വിദ്യാഭ്യാസം, ബിസിനസ്, കൃഷി തുടങ്ങിയ തൊഴിൽ മേഖലകളിൽ ഇന്റർനെറ്റിന്റെ സ്വാധീനം വിപുലമായിമാറി. ലോകത്തിന്റെ ഏതു കോണും നമ്മുടെ വിരൽ തുമ്പിൽ! കഴിഞ്ഞ കാലഘട്ടങ്ങളിൽ വദ്യാഭ്യാസ മേഖലയിലെ ഐ.ടി-യിൽ വലിയ പ്രാധാന്യം കൽപ്പിച്ചിരുന്നില്ല. എന്നാൽ ഈ കാലഘട്ടത്തിൽ കംമ്പ്യൂട്ടർ പരിജ്ഞാനമുണ്ടെങ്കിൽ മാത്രമേ പുതുതലമുറയ്ക്ക് വിദ്യാഭ്യാസമടക്കമുള്ള കാര്യങ്ങളിൽ മുൻ നിരയിലേക്ക് എത്തിപ്പെടാൻ കഴിയൂ. ഈ പുതുതലമുറയ്ക്ക് ഇ-ടെകിനോളജി അറിവിന്റെ അനന്ത വിഹായസ്സിലേക്കുള്ള വാതിലുകളാണ് തുറന്നിട്ടിരിക്കുന്നത്. വിദ്യഭ്യാസ സ്ഥാപനങ്ങളിലേക്ക് ഐ.ടിയുടെ കടന്നുവരവോടെ വിദ്യാഭ്യാസ നിലവാരം പതിൻമടങ്ങ് വർദ്ധിച്ചിരിക്കുന്നു. ഇ-ടെക്നോളജി ഈ തലമുറയിൽ സൃഷ്ടിച്ചത് വെറും മൊബൈലിലോ, മിഷനറിസിലോ മാത്രമല്ല, നമ്മുടെ വിദ്യാഭ്യാസ സ്ഥപനങ്ങളിൽ വരെയാണ്. പണ്ടൊക്കെ എഴുതാ വശ്യത്തിനായി നമ്മുടെ കയിൽ എപ്പോഴും ഒരു മഷി പേന കൊണ്ടുനടക്കണമായിരുന്നു. പക്ഷേ ഈ യുഗത്തിൽ പേനയുടെ ഒരാവശ്യവും ഇല്ല. എല്ലാം കീ-ബൊർഡിലും, ഇ-പേനയിലുമായി മാറി. ഇ-ടെക്നോളജിയുടെ വരവോടെ ഡിജിറ്റവൽ യുഗത്തിൽ മഷിപേനകൾക്ക് പകരമായി വിരൽതുമ്പുകൾ മാറികവിഞ്ഞിരിക്കുന്നു. വളർന്നു വരുന്ന ഐ.ടി മേഖലയിൽ കൂടുതൽ മികവ് കാഴ്ച്ചവെക്കുന്നുണ്ടെന്ന് തെളിയിച്ചുകൊണ്ട് കേരളമെമ്പാടും തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് എന്ന പ്രശസ്തമായ പദ്ധതിയിലെ അംഗങ്ങളായ കുട്ടികൾ ചെറുകഥയും, ചിത്രവും എല്ലാം കംബ്യൂട്ടറുകൾ ഉപയോഗിച്ച് തയ്യാറാക്കിയിരിക്കുന്ന ഐ.ടിയുടെ മികവിനെ തെളിയിക്കുന്നു

വരുന്ന തലമുറക്ക് ആത്മവിശ്വാസത്തോടെ കൂടുതൽ മികവും, കരുത്തും ഐ.ടി മേഖലയിൽ ലഭിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്..................

എഡിറ്റർ

പ്രിയ കുട്ടുകാരെ,

എസ്.കെ.എം.ജെ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗം തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ മികച്ച രീതിയിൽ പൂർത്തിയാക്കി കണ്ടതിൽ അതിയായ സന്തോഷം അറിയിക്കട്ടെ. വളരെ ശ്രമകരമായ ഒരു ജോലിയാണ് അഭിനന്ദനാർഹമായ രീതിയിൽ വിദ്യാലയത്തിന് അഭിമാനകരമായ ഒരു മാഗസിൻ നിർമാണത്തിലൂടെ നിങ്ങൾ ചെയ്തു. ഇന്നത്തെ കുട്ടികൾ വിവര സാങ്കേതിക വിദ്യയുടെ ഏതു വെല്ലുവെളിയും നേരിടാൻ പ്രാപ്തരാണ് എന്നതിന്റെ ഉദാഹരണം കൂടിയാണ് മാഗസിന്റെ ഉൾപ്പേജുകളിൽ നിറഞ്ഞ് നിൽക്കുന്ന നിങ്ങളുടെ സർഗാത്മക രചനകൾ. കേരളത്തിലെ പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി ഉയർന്നു വന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് എസ്.കെ.എം.ജെ.യിലെ ലിറ്റിൽ കൈറ്റ്സും അതിലെ കുട്ടികളുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളും - ജില്ലയിലെ തന്നെ മികച്ച ഡിജിറ്റൽ മാഗസിൻ ആയിട്ട് ഈ സംരംഭം മാറട്ടെ എന്നാശംസിക്കുന്നു - ഒപ്പം ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച മിടുക്കരായ കുട്ടികൾക്കും പ്രതിബാധനരായ അധ്യാപകർക്കും എന്റെ അഭിനന്ദനങ്ങൾ. തുടർന്നും വിദ്യാലയത്തിന് പ്രശസ്തി ഉണ്ടാക്കിത്തരാൻ നിങ്ങളുടെ ടീമിന് സാധിക്കട്ടെ എന്നാശംസിക്കുന്നു:

സ്നേഹത്തോടെ

(ഒപ്പ്)

അനിൽകുമാർ.എം.കെ

(ഹെഡ്മാസ്റ്റർ)

# മാഗസിന്റെ പിന്നിൽ.......

ശ്രീമതി.ധന്യ കെ.പി (കൈറ്റ് മിസ്ട്രസ്സ്)
ശ്രീ.നയനാനന്ദ് എ.വൈ (കൈറ്റ് മാസ്റ്റർ)

എയ്ബൽ ജോൺ (ചീഫ് എഡിറ്റർ)
അഫ്നാഷ് അലി.പി (കൈറ്റ് ലീഡർ)
നന്ദന ചന്ദ്രൻ (കൈറ്റ് ലീഡർ)
ഷമൽ.കെ.എം
നിവേദ്.പി
ഷുഹൈബ് അക്തർ
എസ്.ശ്രീ ജ്യോതി വർഷ
പ്രഫീദ.കെ.എസ്
മുഹമ്മദ് റിഹാൻ

# ഉള്ളടക്കം...


ചില അഭിമാന നിമിഷങ്ങൾ.................................. 7
മഴവിൽപ്പക്ഷികൾ.................................................. 11
താളം തെറ്റുന്ന ഭൂമി................................................ 18
ഉപന്യാസം............................................................ 20
അധ്യാപകദിന ഗാനം............................................ 21
ജിമ്മി ഡൊണാൾ വെയിൽസ്.............................. 22
അമ്മ..................................................................... 24
ചിത്രങ്ങൾ............................................................ 26
കവിത പെണ്ണാണ്............................................... 27
വൈക്കം മുഹമ്മദ് ബഷീർ.................................... 28
അശ്വമേധം........................................................... 31
അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും ചാമ്പ മരം......... 32
മടിയൻ................................................................ 33
കാടിനുകാടിന്റെ ഭംഗി.......................................... 34
പഴഞ്ചൊല്ലുകൾ.................................................... 35
ചിത്രങ്ങൾ............................................................ 36
പൂവിടാൻ മറന്ന ചെടി.......................................... 37
ഇ.വി.കൃഷ്ണപിള്ള................................................ 38
പെരുന്തച്ചൻ........................................................ 39




Kerala Infrastructure and Technology for Education

# ചില അഭിമാന നിമിഷങ്ങളിലൂടെ




എസ്.കെ.എം.ജെ.ഹയർ സെക്കണ്ടറി സ്കൂൾ
ജൈവവൈവിധ്യ ഉദ്യാനം
HUME CENTRE FOR ECOLOGY
WILDLIFE BIOLOGY
SKMJHSS
SKMJHSS
KALPETTA

## എസ്.കെ.എം.ജെ.എച്ച്.എസ്.എസ്.









# പ്രവർത്തന സജ്ജമായ

## സ്കൗട്ട്സ് ആന്റ് ഗൈഡ്സ്...







# മഴവിൽപക്ഷികൾ

## സീൻ-1

ഒരു വിദ്യാലയ കവാടം. അലങ്കരിച്ച് ആഡ്യതയോടെ ഉയർത്തിക്കെട്ടിയിരിക്കുന്ന കമാനം. ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ പേര് വലിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നു. (close up)സ്കൂൾ ബസ്സുകൾ വരിയായി അച്ചടക്കത്തോടെ ചിട്ടയായി ക്രമീകരിച്ച് നിർത്തിയിരുക്കുന്ന .(cut to)ഗെയിറ്റിനരികിലേക്ക് നീക്കി ഒരു ഓട്ടോറിക്ഷ വന്നുനിൽക്കുന്നു. (close up)അതിൽ നിന്നും 30 വയസ്സ് തോന്നിക്കുന്ന ഒരു സ്ത്രി ധൃതി പിടിച്ച് ഇറങ്ങുന്നു. പേഴ്സിൽ നിന്നും പണം എടുത്ത് ഡ്രൈവർക്ക് നൽകുന്നുണ്ട്. അവർ ഗ്രൗണ്ടിലൂടെ അതിവേഗം നടന്ന് തൊട്ടടുത്തുള്ള യു.പി.വിഭാഗം എന്നെഴുതിയ ബിൽഡിങ്ങിനെ ലക്ഷ്യമാക്കി നടക്കുന്നു.(cut to)അധ്യാപിക ക്ലാസ്സെടുക്കുന്നു. ഒരു കുട്ടി ക്ലാസ്സ് റൂമിന്റെ മൂലയിൽ മുട്ടുകുത്തിയിരുക്കുന്നു. അധ്യാപികയുടെ ഒരു കൈയിൽ പുസ്തടവും മറുകയ്യിൽ ചൂരലുമുണ്ട്. സ്ത്രീ അതിവേഗത്തിൽ നടന്നു വന്ന് റൂമിന്റെ വാതിലിനരികിലെത്തി. ഉൽകഠയോടെ ക്ലാസിനുള്ളിലേക്ക് എത്തിനോക്കുന്നു. (close up)മുഖത്ത് വെപ്രാളം. അവരെ കണ്ടതും അധ്യാപിക അടുത്തേക്ക് ചെല്ലുന്നു.

അധ്യാപിക :- (തെല്ല് ഈർഷ്യത്തോടെ)എത്ര തവണയായി നിങ്ങളോട് പറയുന്നു. കുട്ടിക്ക് തീരെ അനുസരണയില്ലെന്ന്. നോട്ട് ബുക്ക് എഴുതാൻ തീർത്തും മടിയാ. ക്ലാസിലെ ഏറ്റവും മോശമാണിവൻ. ഇങ്ങനെ പോയാൽ ഹൈസ്കൂളിലെത്തുമ്പോൾ ഞങ്ങൾ കുടുങ്ങും. അതുകൊണ്ടാ ഞാൻ പ്രിൻസിപ്പളിനോട് വിളിക്കാൻ പറഞ്ഞെ.

അമ്മ :- ഹൊ! ഇത്രേള്ളോ ടീച്ചർ? (നെറ്റിയിലെ വിയർപ്പ് സാരിത്തുമ്പുകൊണ്ട് തുടയ്ക്കുന്നു) ഞാൻ വിചാരിച്ചു, എന്ത് വികൃതിയാ ഇവൻ ഒപ്പിച്ചേന്ന്. പെട്ടെന്ന് തന്നെ എത്തണം എന്ന് പറഞ്ഞപ്പോ ഞാൻ പേടിച്ചുപോയി. (നെഞ്ചിൽ കൈവെക്കുന്നു).

അധ്യാപിക :- ഒപ്പിച്ചേന്നോ? ഇന്ന് അസംബ്ലിയിലേക്ക് ലൈനായി ഞാൻ കുട്ടികളെ കൊണ്ടുപോകുമ്പോൾ കുറച്ചുദൂരം ചെന്ന് എണ്ണിനോക്കുമ്പോൾ ഒരാളെ കാണാൻ ഇല്ല. (മുഖം ദേഷ്യഭാവത്തിൽ ചുവക്കുന്നു) അവനെ അന്വേഷിച്ച് നിന്ന് സമയം വൈകിയാൽ പ്രിൻസിപ്പളിന്റെ പഴി കേക്കുന്നതിനാൽ ഞാനും മിണ്ടിയില്ലാ...

(cut to)മുട്ടിൽ നിന്ന നിഷാൻ എഴുന്നേറ്റ് നിൽക്കുന്നു. പുസ്തകം കൈയിൽ പിടിച്ച് മിണ്ടാതെ താഴോട്ടു നോക്കുന്നു. (കാലുകൊണ്ട് എന്തൊ വരയ്ക്കുന്നു)

അമ്മ :- എവിടെയാ ടീച്ചർ അവൻ പോയെ?

അധ്യാപിക :- എവിടെപോവാനാ... ഞങ്ങൾ തിരിച്ചുവരുമ്പോൾ കണ്ട് കാഴ്ച എന്നെ അരിശം കൊള്ളിച്ചു. അത്ര തന്നെ.

(Flash back)
ഒരു ചെറിയ കുപ്പിയിൽ വെള്ളവും പോക്കറ്റിലിട്ട് നെല്ലിമരത്തിനു മുകളിൽ നിഷാൻ കഷ്ടപ്പെട്ടു കയറുന്നു. ശിഖരങ്ങളിൽ പിടിച്ചു കയറി അവൻ പക്ഷിക്കൂടിന് അരികിലെത്തി. പോക്കറ്റിൽ നിന്നും കുപ്പിയിലെ വെള്ളം കൂട്ടിലെ പക്ഷിക്കുഞ്ഞുങ്ങളുടെ വായിൽ നിപ്പിളിന്റെ സഹായത്തോടെ തുള്ളികളായി കൊടുത്തു. (close up)പോക്കറ്റിൽ കരുതിയ ബിസ്കറ്റുപൊടിയും ഇട്ടുകൊടുത്തു. മെല്ലെ കൂട് മൂടിവെച്ചു.ഊർന്ന് താഴേക്കിറങ്ങി. (കൈയിലെ പൊടി തട്ടി യൂണിഫോമിലേക്ക് നോക്കുന്നു)ചെളി പറ്റിയ ഉടുപ്പ് (close up) തൊട്ടടുത്തത് ടീച്ചർ.

നിഷാൻ :- (പേടിയോടെ) ആ കിളിക്കുഞ്ഞിന്റെ അമ്മ ഇന്നലെ ഇലക്ട്രിക്ക് ലൈനിലിടിച്ച് മരിച്ചതാ ടീച്ചർ.... അവ വെള്ളം കുടിക്കാതെ

(അധ്യാപിക ഒന്നും മിണ്ടാതെ അവനെ വലിച്ചുകൊണ്ട് പോകുന്നു.)

## സീൻ-2

പ്രിൻസിപ്പലിന്റെ മുറി- (നിഷാനും അധ്യാപികയും അടുത്തടുത്തായി നിൽക്കുന്നു)

പ്രിൻസിപ്പൽ :- (കർക്കശമായ രൂപം,ശബ്ദം)നിന്റെ എല്ലാ പുസ്തകങ്ങളും മേശപ്പുറത്തുവയ്ക്കു (പുസ്തകങ്ങൾ ഓരോന്നായി വെക്കുന്നു.) (കൈ വിറയ്ക്കുന്നു. ചില പുസ്തകങ്ങൾ താഴെ വീഴുന്നു. പുസ്തകങ്ങൾക്കുള്ളിൽ നിന്നും ചില പക്ഷി തൂവലുകൾ ചിതറി വീഴുന്നു)
(cut to) പ്രിൻസിപ്പലിന്റെ മുഖം ദേഷ്യത്താൽ കനക്കുന്നു.

പ്രിൻസിപ്പൽ :- നീ എന്തിനാണ് സ്കൂളിൽ വരുന്നത്? പക്ഷി പിടുത്തത്തി നാണെങ്കിൽ ഇവിടെ പറ്റില്ല. നോട്ടുപുസ്തകം കംപ്ലീറ്റ് ചെയ്യില്ലെങ്കിൽ ഇവിടെ നിന്ന് ടി.സി വാങ്ങുന്നതായിരി ക്കും നല്ലത്. കൈ നീട്ടെടാ...
(ചൂരലുകൊണ്ട് രണ്ടി നൽകുന്നു)

നിഷാൻ :- (കൈ കടുന്നു. കൈയ്യിലേക്ക് നോക്കി ഊതുന്നു. കൈ (close up) ചുവന്നിരിക്കുന്നു.)

പ്രിൻസിപ്പൽ :- (ഡയറിയെടുത്ത് നോക്കി നമ്പർ ഡയൽ ചെയ്യുന്നു) നിഷാന്റെ അമ്മയല്ലെ? നിങ്ങൾ ഉച്ചയാവുമ്പോഴേക്കും സ്കൂളിലേക്ക് വരണം. (ഫോൺ കട്ട് ചെയ്യുന്നു).

(ടീച്ചറോടായി) രക്ഷിതാവ് വരുന്നതുവരെ ഇവൻ മുട്ടു കാലിൽ നിൽക്കട്ടെ.

(അധ്യാപിക മുമ്പിലും നിഷാൻ പിന്നിലുമായി (ബാഗ് തോളിലെടുത്ത് ) മൂന്നാം നിലയിൽ നിന്നും താഴെക്ക് ഇറങ്ങുന്നു. നിഷാൻ ദൂരെ വയലിലേക്ക് നോക്കി നിൽക്കുന്നു. കുറേ താറാവിൻ കൂട്ടങ്ങളെ തെളിച്ചുകൊണ്ട് ഒരാൾ നടക്കുന്നു. കൂട്ടം തെറ്റുന്നവയെ തന്റെ കുന്തമുനയാൽ തോണ്ടിത്തെളിക്കുന്നു.)

അധ്യാപിക :- നിന്നേം കൊണ്ട് തോറ്റല്ലോ. നിന്റെ അമ്മയിപ്പം വെരും. എന്ത് വേണമെന്ന് ഞങ്ങൾ തീരുമാനിക്കും. (നിഷാന്റെ ബാഗ് പിടിച്ച് തള്ളുന്നു)

## സീൻ-3

(പ്രിൻസിപ്പലിന്റെ മുറി). നിഷാന്റെ അമ്മ മുന്നിലെ കസേരയിൽ ഇരിക്കുന്നു. മുഖത്ത് നല്ല ക്ഷീണം കണ്ണുകൾ നനഞ്ഞിരിക്കുന്നു. സാരിത്തുമ്പുകൊണ്ട് തുടയ്ക്കുന്നു.

പ്രിൻസിപ്പാൾ :- ഈ വിദ്യാലയത്തിന് ചില ഡിസിപ്ലിനൊക്കെയുണ്ട്, അതു പാലിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഞങ്ങൾക്ക് ബുദ്ധിമുട്ടാണ്. അതുകൊണ്ടാണ് വിളിപ്പിച്ചത്.

അമ്മ :- സാർ, ഒരിക്കൽകൂടി മാപ്പ് തരണം, ഇനി അങ്ങനെയുണ്ടായാൽ ഞാൻ കൊണ്ടുപൊയ്ക്കോളാം ഇവനെ.

പ്രിൻസിപ്പൽ :- അപ്പൊ അവന്റെ നോട്ട് പുസ്തകം എങ്ങനെ കംപ്ലീറ്റ് ചെയ്യും ?

അമ്മ :- അത് ഞാൻ രണ്ട് ദിവസം കൊണ്ട് ഇവിടെ വന്ന് എഴുതിയെടുത്തോളാം.

പ്രിൻസപ്പൽ :- ശരി, ഇനിയൊരു പരാതി ഇവനെപ്പറ്റി ഉണ്ടാവരുത്.

അമ്മ :- ശരി, സാർ (എഴുന്നേൽക്കുന്നു). സ്റ്റെയർക്കേസ് സ്റ്റെപ്പുകൾ ഇറങ്ങി നടക്കുന്നു.

## സീൻ-4

(അമ്മ വിസിറ്റിംഗ് റൂമിലിരുന്ന് നോട്ടുപുസ്തകം പകർത്തുന്നു.)(cut to)നിഷാൻ ക്ലാസിൽ എന്തോ ചിന്തിച്ച് ദൂരേയ്ക്ക് നോക്കി ഇരിക്കുന്നു)

അധ്യാപിക :- (നിഷാനെ സൂക്ഷിച്ചു നോക്കുന്നു,കൈയ്യിൽ നോട്ടുപുസ്തകം) where is your answer,the life circle of butterfly?

നിഷാൻ :- (പെട്ടെന്ന് ഞെട്ടുന്നു,എഴുന്നേറ്റു നിൽക്കുന്നു,മറ്റു കുട്ടികളുടെ മുഖത്തു ചിരി.ടീച്ചർ കണ്ണു തുറിച്ച് നോക്കുന്നു.ടീച്ചർ നോട്ടുപുസ്തകം അവന്റെ മുന്നിലേയ്ക്കെറിയുന്നു.നിഷാൻ

നോട്ടുപുസ്തകം എടുത്ത് കൈയിൽ പിടിക്കുന്നു.)

അധ്യാപിക :- എഴുതിയിട്ട് ക്ലാസ്സിൽ കയറിയാൽ മതി.Get out from the class.
(ചെവിയിൽ പിടിച്ച് പുറത്താക്കുന്നു.)

നിഷാൻ :- (പുറത്തേയ്ക്കു നോക്കി നിൽക്കുന്നു,മഴ കുറഞ്ഞതു കാരണം തുമ്പികൾ താഴ്ന്ന പറക്കുന്നു,(Close up)രണ്ടാം നിലയിൽ നിന്നു നോക്കുന്നതിനാൽ അവ തന്റെ തലയുടെ തൊട്ടടുത്തായി അവന് അനുഭവപ്പെടുന്നു.പുഞ്ചിരിക്കുന്നു.)

## സീൻ-5

ക്ലാസ്സ് റൂം, നിഷാന് ചുറ്റും കുട്ടികൾ കൂടി നിൽക്കുന്നു.അവന്റെ കൈയിൽ കുപ്പിയുണ്ട്. (close up)അതിൽ ഭംഗിയുള്ള ഒരു പൂമ്പാറ്റ.കുപ്പിയുടെ അടപ്പ് അൽപ്പം തുളച്ചിരിക്കുന്നു.കുപ്പിയിൽ ചില ഇലകൾ കാണാം.കുട്ടികൾ ആകാംക്ഷയോടെ അതിനകത്തു ചെന്നു നോക്കുന്നു.(cut to) ടീച്ചർ വരാന്തയിലൂടെ ഒരു കൈയിൽ ചൂരലും മറു കൈയിൽ പുസ്തകവുമായി നടന്നുവരുന്നു.ടീച്ചർ വാതിലിനരികിൽ എത്തിയതും (cut to) കുട്ടികൾ ചിതറിയോടുന്നു. കുപ്പിയും കൈയിലേന്തി നിഷാൻ മാത്രം ഒറ്റയ്ക്ക് വിളറിയ മുഖത്തോടെ നിന്നു. നിഷാന്റെ മുഖം(close up) കുപ്പി പിന്നിലേയ്ക്ക് മാറ്റിപ്പിടിക്കുന്നു.

അധ്യാപിക :- (ദേഷ്യംകൊണ്ട് ചുവന്ന മുഖമുയർത്തി) എന്താണിവിടെ?എന്താ നിന്റെ കൈയിൽ? ചൂരലുയർത്തി ഡസ്കിലടിക്കുന്നു.

നിഷാൻ :- ഒന്നുമല്ല,ടീച്ചർ...(മുഖത്ത് ഭയം)

അധ്യാപിക :- നിന്നേം കൊണ്ട് ഞാൻ മടുത്തു.എന്റെ ക്ലാസ്സിന്റെ ഡിസിപ്ലിന്റെ നൊക്കെ പോയി .നീ കാരണം സ്റ്റാഫ് മീറ്റിംഗിൽ ഞാൻ നാണം കെടുകയാണ്. മറ്റു കുട്ടികളെയും പഠിക്കാൻ സമ്മതിക്കില്ലെങ്കിൽ പിന്നെ എന്തു ചെയ്യും?

(നിഷാന്റെ പിന്നിലേയ്ക്കു മറച്ചുപിടിച്ച കൈ പിടിച്ചു വലിക്കുന്നു)കുപ്പി താഴെ വീഴുന്നു. (close up)കുപ്പിയിൽ പിടയ്ക്കുന്ന ചിത്രശലഭം-അധ്യാപിക നിഷാന്റെ കൈയിൽ അടിക്കുന്നു. ക്ലാസ്സ് നിശ്ശബ്ദമാകുന്നു.മറ്റു കുട്ടികൾ അച്ചടക്കത്തോടെ പുസ്തകമെടുത്ത് തുറക്കുന്നു. നിഷാൻ കൈ കുടഞ്ഞ്, അതിലേയ്ക്ക് ഊതിക്കൊണ്ട് സീറ്റിലിരിക്കുന്നു. അധ്യാപിക കസേരയിലിരിക്കുന്നു. അറ്റന്റൻസ് വിളിച്ച് റോൾ നമ്പർ വിളിച്ചപ്പോൾ അവൻ എഴുന്നേറ്റുനിൽക്കുന്നു.

അധ്യാപിക :- (ഒന്നമർത്തി മൂളി)ഉം....ഇനി എത്ര നാളുണ്ടാവും ഇവിടെ... നോക്കട്ടെ...

നിഷാൻ :- (ഒന്നും മിണ്ടാതെ കുനിഞ്ഞ് കുപ്പിയെടുത്ത് ബാഗിൽ വെയ്ക്കുന്നു)



Kerala Infrastructure and Technology for Education

## സീൻ-6

വയൽ വരമ്പിലൂടെ നിഷാൻ വീട്ടിലേക്ക് നടക്കുന്നു. വീട്ടു മുറ്റത്തെത്തിയപ്പോൾ ബാഗ് തുറന്ന് കുപ്പിയെടുക്കുന്നു. പുഞ്ചിരിക്കുന്ന മുഖം (close up) പൂമ്പാറ്റയെ അടപ്പ് തുറന്ന് പുറത്തേയ്ക്ക് പറത്തുന്നു. (cut to) ഇതു കണ്ടുകൊണ്ട് അമ്മ പുറത്തേക്ക് വരുന്ന

അമ്മ :- ഇതെന്താ പണി? വെറുതെയല്ല നിന്നെ ആർക്കും ഇഷ്ടമല്ലാത്തെ എന്തിനാമോനെ ഇതൊക്കെ സ്കൂളിൽ കൊണ്ടുപോയത്?

നിഷാൻ :- (മുഖം താഴ്ത്തി നിൽക്കുന്നു.)

അമ്മ :- ടീച്ചർ എന്നെ വിളിച്ചിരുന്നു. ഇനി എന്താ ചെയ്യാന്ന് ഞാനും അച്ഛനുംകൂടി തീരുമാനിക്കും ട്ടോ...

നിഷാൻ :- മനസ്സിലാകാതെ അമ്മയെ നോക്കുന്നു.
(cut to) വീടിനകത്തുനിന്ന് വലിയമ്മ ഉമ്മറത്തേക്കെത്തുന്നു.

വലിയമ്മ :- സമാധാനമായില്ലേടി നിനക്ക്? കുട്ടീനെ ഇങ്ങനെ വർഷാവർഷം സ്കൂള് മാറ്റ്വ. നല്ല സുഖമുള്ള കാര്യമല്ല. അവളുടെ ഒരു പഠിപ്പും പത്രാസും. ഹും. എന്താ അവളെയൊരു വിചാരം.

അമ്മ :- അമ്മയൊന്നു മിണ്ടാതിരിക്ക്യോ. എരിതീയിൽ എണ്ണയൊഴിക്കരുത് ട്ടോ.
(കുട്ടിയെ പിടിച്ച് അകത്തേയ്ക്ക് പോകുന്നു.)

വലിയമ്മ :- അവളാരാന്നാ വിചാരം? (സ്വയം പറയുന്നു) വല്യ പഠിപ്പുകാരി. എന്റെ മോനെ കൊറച്ചുകാണിക്കാനാ വല്യ സ്ക്കൂളിൽ ചേർത്തത്. എന്നിട്ടിപ്പെന്തായി? അനുഭവിക്കട്ടെ...

അമ്മ :- (കരഞ്ഞുകൊണ്ട് നിഷാന് ഭക്ഷണം കൊടുക്കുന്നു) എനിക്കോ പഠനം പൂർത്തിയാക്കാനായില്ല. എന്റെ മോനെങ്കിലും... അതിനാണ്ഞാനീത്രേം കഷ്ടപ്പെട്ടേ. എന്നിട്ടിപ്പം (മുഖം തുടയ്ക്കുന്നു)

(cut to)
(മുറ്റത്തേക്ക് കയറി വരുന്ന വലിയച്ഛൻ)

:- എന്റെ കുട്ടി വന്നോ?

വലിയമ്മ :- ആ നിങ്ങളെ ,ആ കുട്ടിയെ ഇങ്ങനെ വഷളാക്കിയെ. പഠിക്കേണ്ട സമയം പാടത്തും പറമ്പിലും... എന്നെക്കൊണ്ടൊന്നും പറയിപ്പിക്കല്ലെ.

വലിയച്ഛൻ :- (നിഷാൻ ഓടി അപ്പൂപ്പനെ കെട്ടിപ്പിടിക്കുന്നു.) എന്താ കാര്യം?

അമ്മ :- പഠിക്കാൻ മാത്രം പറ്റില്ല. അതുതന്നെ

വലിയച്ഛൻ :- വാമോനെ... (കുട്ടിയെ പിടിച്ച് നടന്നു പോകുന്നു)

## സീൻ- 7

നെൽവയൽ, അരികിൽ നിറയെ കൈതച്ചെടികൾ, കതിരിട്ട നെൽ. വലിയച്ഛനും നിഷാനും വയലിലേക്കിറങ്ങുന്നു. (long shot) വരമ്പിൽ എത്തിയ നിഷാൻ ശബ്ദമുണ്ടാക്കി കൈ ഉയർത്തിയപ്പോഴേക്കും കുറെ പ്രാവുകൾ പറന്ന് മുകളിലേക്കുയരുന്നു.

നിഷാൻ :- അപ്പൂപ്പാ, ഇങ്ങനെ പറക്കാൻ എന്ത് രസമാ അല്ലെ? ആരും പിടിച്ച് വെക്കില്ലല്ലോ .

അപ്പൂപ്പൻ :- ശരിയാ... പക്ഷേ... നമ്മൾക്കിതു പറ്റില്ലല്ലോ മോനെ.

## സീൻ- 8

സർക്കാർ വിദ്യാലയം. പടികൾ കയറി നിഷാനും അമ്മയും നടന്നു വരുന്നു.(cut to) ഓഫീസിൽ ഹെഡ്മാസ്റ്റർ എന്തോ എഴുതുന്നു. ഓഫീസിനു മുന്നിൽ അമ്മയും മകനും നിൽക്കുന്നു. (cut to) മുറ്റത്ത് കുട്ടികൾ കളിക്കുന്നു. ചിലർ മുറ്റത്തുള്ള ചെമ്പകമരത്തിലും പേരമരത്തിലും ഊഞ്ഞിയാടുന്നു. നിഷാൻ കുട്ടികളെ നോക്കി നിൽക്കുന്നു (close up) അമ്മ അവനെയും പിടിച്ച് ഹെഡ്മാസ്റ്ററുടെ ക്യാബിനിൽ.

ഹെഡ്മാസ്റ്റർ :- ഇരിക്കൂ.(നിഷാനെ നോക്കി) എന്താ മോനെ?

അമ്മ :- സാർ, ഇവനെ ഇവിടെ ചേർക്കാനാ ഞാൻ വന്നെ.

ഹെഡ്മാസ്റ്റർ :- അധ്യയന വർഷത്തിന്റെ ഇടയ്ക്ക് വെച്ച് എന്തുപറ്റി?

അമ്മ :- ഇവിടെയാ എന്റെ മോന് നല്ലതെന്ന് തോന്നി. അതാ സാറേ

ഹെഡ്മാസ്റ്റർ :- ശരി, അഡ്മിഷനെടുത്ത് നാളെത്തന്നെ വന്നോട്ടെ. (ക്ലർക്കിനെ വിളിക്കുന്നു.)

നിഷാൻ :- (നോട്ടം മുറ്റത്തുതന്നെ) അമ്മയേയും പിടിച്ച് നടക്കുന്നു.

## സീൻ- 9

ക്ലാസ് റൂം. നിഷാൻ പുതിയ കൂട്ടുകാരോട് സന്തോഷത്തോടെ സംസാരിക്കുന്നു. അവന്റെ കഥ കേൾക്കാൻ ചുറ്റും കുട്ടികൾ. (cut to) അധ്യാപിക കടന്നുവരുന്നു. കൈയ്യിൽ പുസ്തകവും ചാർട്ടുമുണ്ട്. എല്ലാവരും എഴുന്നേറ്റ് നിന്ന് നമസ്കാരം പറയുന്നു. നിഷാൻ (close up) പെട്ടെന്ന് ഞെട്ടുന്നു.

അധ്യാപിക :- നിഷാൻ നല്ല കഥ പറച്ചിലുകാരനാണെന്നു തോന്നുന്നല്ലോ (അവനെ തലോടുന്നു. ചുറ്റിലും എത്രയോ കുട്ടികാർ) മിടുക്കനാണോ?

നിഷാൻ :- (തലയാട്ടുന്നു)

(അധ്യാപിക എല്ലാവരോടുമായി പുസ്തകമെടുക്കാൻ ആവശ്യപ്പെടുന്നു, നിഷാൻ പുസ്തകം തപ്പിയെടുക്കുന്നു)

അധ്യാപിക :- പുഴവിന്റെ പൂമ്പാറ്റയിലേക്കുള്ള വളർച്ച നിങ്ങൾ മനസ്സിലാക്കിയോ? (ചാർട്ട് നിവർത്തി ബോർഡിൽ തൂക്കുന്നു.)

(നിഷാൻ ഒന്നും മിണ്ടാതിരിക്കുന്നു)

അധ്യാപിക :- ഇനി ഞാനിത് സ്ക്രീനിൽ കാണിക്കട്ടെ. (കുട്ടികൾ സന്തോഷത്തോടെ ഇരിക്കുന്നു) റിമോട്ട് ഉപയോഗിച്ച് പ്രൊജക്ടർ ഓൺ ചെയ്ത് വീഡിയോ കാണിക്കുന്നു. (കുട്ടികൾ ആകാംക്ഷയോടെ ശ്രദ്ധിക്കുന്നു.)

(നിഷാൻ വീഡിയോ വീക്ഷിച്ചുകൊണ്ട് ചിരിക്കുന്നു.)

അധ്യാപിക :- എന്താണ് നിഷാൻ ചിരിക്കുന്നത്?

നിഷാൻ :- എന്റെ വീട്ടിൽ ഞാൻ ഇതുപോലെ പൂമ്പാറ്റയെ വിരിയിച്ചിട്ടുണ്ട് ടീച്ചർ... (മുഖം സന്തോഷം കൊണ്ട് വിടരുന്നു)

അധ്യാപിക :- ഓഹൊ, എങ്കിൽ ഞങ്ങളേ കൂടി കാണിക്കൂ. നാളെ വരുമ്പോ....ട്ടോ.

(നിഷാൻ സമ്മതഭാവത്തിൽ തലയാട്ടുന്നു)

## സീൻ- 10

(സ്കൂൾ വിട്ട് ഓടി വീട്ടുമുറ്റത്തേയ്ക്കും തുടർന്ന് വരാന്തയിലേക്കും കയറുന്ന നിഷാൻ. വരാന്തയുടെ മൂലയിലിരിക്കുന്ന കുപ്പി കൈയ്യിലെടുക്കുന്നു. അതിനുള്ളിൽ പൂർണ്ണ വളർച്ചയിലെത്തിയ പൂമ്പാറ്റ പറന്നു പോകാൻ തയ്യാറെടുത്തു നിൽക്കുന്ന കാഴ്ച (close up) നിഷാൻ ചിരിക്കുന്നു. അടപ്പ് തുറന്ന് പൂമ്പാറ്റയെ സ്വതന്ത്രമാക്കുന്നു. മുഖം സന്തോഷത്തോടെ (close up) ദൂരെ പൂമ്പാറ്റ പറന്ന്... പറന്ന്... പറന്ന്...)

ശുഭം...

**ശ്രീമതി.ഉഷ.സി.വ**

(HSA മലയാളം)

# താളം തെറ്റുന്ന ഭൂമി

ശാസ്ത്ര അവബോധത്തിനുവേണ്ടി
എ.വൈ. നയനാനന്ദ
എസ്.കെ.എം.ജെ ഹൈസ്കൂൾ കൽപ്പറ്റ

കാലാവസ്ഥാ വ്യതിയാനം എന്ന വാക്ക് ഇന്ന് എല്ലാവർക്കും സുപരിചിതം. 2018 കാലവർഷത്തിൽ പ്രളയം കണ്ട കേരളം ഇതിനെ മുഖാമുഖം കണ്ടു. എന്താണ് ഈ ദുരന്തകാരണം? മനുഷ്യൻ തന്നെ അല്ലേ. പ്രളയത്തിൽ മരിച്ചവർ, വീട് നഷ്ടപ്പെട്ടവർ, കൃഷി നഷ്ടപ്പെട്ടവർ, സമ്പത്ത് നഷ്ടപ്പെട്ടവർ എന്ന് വേണ്ട എല്ലാം നഷ്ടപ്പെട്ടവരും ഉണ്ട്. മാസങ്ങൾ പിന്നിട്ടപ്പോൾ നമ്മൾ എല്ലാം മറന്നു. മറവി നല്ല മരുന്നാണ്. വലിയ വിപത്തുകൾ സംഭവിച്ചതിനു ശേഷം അതിനു താത്കാലികമായ പരിഹാരം കാണുകയും, അതിനു ശേഷം വിപത്തു വരുന്നതുവരെ ഒരു കാരണവശാലും വരാൻ പോകുന്ന വിപത്തുകളെ മനസ്സിലാക്കാനും, അവ സംഭവിക്കാതിരിക്കാനും സംഭവിച്ചാൽ തന്നെ അവയുടെ തീവ്രത കുറയ്ക്കാനുള്ള നടപടിയോ, നടപടികളോ മുൻകൂട്ടി എടുക്കാതിരിക്കുകയും, അവയെ പറ്റി ചിന്തിക്കാനോ, അറിയാനോ ഒരു ശ്രമം നാം നടത്താതിരിക്കുകയും ചെയ്യുംമ്പോൾ നമ്മുടെ അറിവില്ലായ്മയാണോ, അതോ സ്വാർത്ഥ സ്വഭാവമാണോ, അതോ മടിയാണോ? ഒരു കാര്യവും അതിന്റെ ഗൗരവത്തോടുകൂടി മനസ്സിലാക്കാനുള്ള ആഗ്രഹമില്ലായ്മയും അവ മനസ്സിലാക്കുന്നതിൽ കാണിക്കുന്ന സിസ്സംഗതയും വലിയൊരു വിപത്തിലേയ്ക്ക് നയിക്കും എന്ന് എന്തായാലും മനസ്സിലാക്കിയേ മതിയാകൂ.

എന്താണ് കാലാവസ്ഥാ വ്യതിയാന കാരണം? ബഹുനില മന്ദിരങ്ങൾളുടെ അനിയന്ത്രിതമായ വർദ്ധന, സ്വാർത്ഥ താത്പര്യ പൂർത്തീകരണം വൻ തോതിലുള്ള വനനശീകരണം, അനിയന്ത്രിതമായ ക്വാറികൾ, ഖനനം, വയലുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയെ ഉന്മൂലനം ചെയ്യൽ, നദികളിൽ നിന്നുള്ള അനിയന്ത്രിതമായ മണൽവാരൽ. നമ്മൾ കൈവരിച്ച ശാസ്ത്ര സാങ്കേതിക പുരോഗമനം നമ്മുടെ ജീവിതത്തിൽ വലിയൊരുമാറ്റം ഇതിന്റെ തെറ്റായ ഉപയോഗം ഇതിനു പ്രധാനിയായ അഗോളതാപനം, വായു, ജലം, മണ്ണ് എന്നിവയുടെ മലിനീകരണത്തിന്റെ കൂടെ പുതിയ ഒരു മലിനീകരണം കൂട്ടിചേർക്കണം. വികരണം മലിനീകരണം മൊബൈൽ, എഫ്.എം റേഡിയോ, Wi-Fi എന്ന് വേണ്ട പലതരത്തിൽ വികരണങ്ങൾ നമ്മുടെ പ്രദേശത്തെ മലിനമാക്കുന്നു.

ഭൂമിയ്ക്ക് രണ്ട് തരം ചലനമുണ്ട് എന്ന് എല്ലാവർക്കും അറിയാം, സൂര്യനെ പ്രദക്ഷിണം ചെയ്യാലാണ് ഒന്ന്. മറ്റൊന്ന്, സ്വയം ഭ്രമണം ഇതിന്റെ വേഗത കാര്യമായി മാറുന്നില്ല എന്ന് ശാസ്ത്രം പറയുന്നു എങ്കിലും ഇതിന്റെ താളം തെറ്റി തുടങ്ങിയിരിക്കുന്നു. ഭൂമിയ്ക്ക് ഒരു തുലനമുണ്ട്. അത് നിയന്ത്രിക്കുന്നത് ഭൂമി സ്വയം അതിന്റെ പ്ലേയറ്റുകൾ ചലിപ്പിച്ചാണ് ഒരു പക്ഷേ ഡൈനോസർ ഭൂമിയിൽ നിന്ന് ഇല്ലാതായത് പ്ലേയറ്റുകളുടെ ചലനം മൂലമാകാം. ഇതിനു കാരണം അവ സമുദ്രങ്ങൾ കടന്ന് വൻകരയിലേക്ക് നീങ്ങി ഭൂമിയുടെ തുലനാവസ്ഥ മാറിമറിഞ്ഞ് അതിനെ നിയന്ത്രിക്കാൻ പ്ലേയറ്റുകൾ ചലിപ്പിച്ച് ഭൂചലനവും, സുനാമിയും ഉണ്ടായിരിക്കാം. ഈ ദിശയിൽ ദേശീയവും, അന്തർ ദേശീയവുമായി ഗഹനമായ പഠനങ്ങളും ഗവേഷണങ്ങൾ നടത്തേണ്ടവയാണ്. കാരണം ഭൂമിയുടെ ഗനനം, പുഴയിൽ നിന്ന് മറ്റു അനിയന്ത്രിതമായ മണൽ വാരൽ, അനിയന്ത്രിതമായ ക്വാറികൾ, ബഹുനില കെട്ടിടങ്ങൾ, നഗരവൽക്കരണം തീർച്ചയായും ഭൂമിയുടെ സ്വഭാവിക ചലനത്തെ ബാധിക്കും എന്നത് ഗഹനമായ പഠനങ്ങളും ഗവേഷണങ്ങളും വിരൽ ചൂണ്ടുന്നു.

2004 ഡിസംബർ 26-ാം തിയതി സുമാത്രാ തീരത്തുണ്ടായ ഉഗ്രമായ ഭൂചലനം അതിന്റെ ഫലമായി രൂപം കൊണ്ട സൂനാമി എന്ന ക്ഷോഭവും അത് വരുത്തി വെച്ച ആൾനാശവും,

മറ്റു നാശനഷ്ടങ്ങളും ഇതിലേയ്ക്കുള്ള ഒരു സ്വഭാവിക തിരിച്ചറിവ് മനുഷ്യനുണ്ടായിരിക്കണം എന്ന് പറഞ്ഞാൽ തെറ്റാകില്ല. നമുക്കുചുറ്റും സംഭവിക്കുന്ന പല വിപത്തുകളെ പറ്റിയുള്ള ശാസ്ത്ര അവബോധത്തിന്റെ അപര്യാപ്തതയാണ് ദൂരവ്യാപകമായ പല വിപത്തുകൾക്കും വഴിവെയ്ക്കുന്നത്.

ഇതിന് അർത്ഥം ബഹുനിലകൾ വേണ്ട, നഗരവൽക്കരണം അപകടകാരി എന്നും ഇതിന് വിരോധമാണ് എന്നുമല്ല. ഭൂമിയുടെ താളം തെറ്റുന്ന വികസനങ്ങൾ തടയുകയും അതിന് വേണ്ട ഗഹനമായ ശാസ്ത്ര പഠനം ആവശ്യമായി വരുന്നു എന്ന് ശാസ്ത്ര ലോകം ചിന്തിക്കുകയും വേണം വികസനം ശാസ്ത്രീയവും, നിയന്ത്രിതവും സ്വാർസ്ഥരഹിതവും, ശാസ്ത്ര അവബോധമുള്ളതുമായിരിക്കണം. മറു പക്ഷം മനുഷ്യൻ ഭൂമിയിൽ നിന്ന് ഇല്ലാതായേക്കാം എന്ന ശാസ്ത്ര സത്യം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ് എന്ന് ഒരോരുത്തരും കരുതണം.

കലാമേളയിൽ ഒന്നാം സ്ഥാനം നേടിയ ഇംഗ്ലീഷ് ഉപന്യാസം:

# Disaster Management

Disaster management is very important part of a region because it has many role in supporting the people who are included or become a part of disaster. According to this we the keralalites faced one of the dangerous flood one month ago. As a result of this flood so many disaster management from different part of India comes here rescue the Kerala from the flood. From this we can analyse that the importance of disaster management in all over the world. So we need a disaster management in the nook and corner of the world. From the problem of flood we rescued with the help of disaster management.

Disaster management is very important branch of rescue operation. Disaster management is the branch spread to nook and corner of the nation. Disaster management as different level in all over the nation. One of KSDM (Kerala state disaster management ). Kerala state disaster management disaster work all over the rescue operation in kerala district level the rescue operation all over the district. They are many sub divisions for the disaster management in India.

The duty of or the major function of the disaster management not only rescue but also charitable activities and cleaning activities. The people who are included in the disaster management are doing a very important duty to save the life of other people who are becoming part of or suffering in the disaster. So we give a big clap to the people who are working under the disaster management.

In our Kerala there are so many disasters one of this is natural disaster and man made disaster. In natural disaster we can include flood,cyclone,earthquake etc...in man made disaster we can include landslide,construction of nuclear plant in non prohibited areas cause disaster. From all this disaster the people who are included or become part of disaster management the support and rescue the people who are suffering this disaster. So we must give a big clap to the people who are the part of disaster management.

We can say that disaster management as “hand of god”.They came to support and rescue the people who are suffering the disaster. The unity among the people reduce the work of people who are included in the disaster management. One of the main example is the flood faced by Kerala. The Kerala is rescued from the unity of people to save and help of the disaster management. So the disaster management is very important in all over the world. The disaster management have so many significance. The disaster management can be said “the hand of god”.

**-Hridya.C.P**

# അധ്യാപകദിന ഗാനം

വന്ദനം വന്ദനം ഗുരുപാദമേ ഞങ്ങൾ
സ്നേഹത്തിൻ മലരായർപ്പിച്ചിക്കുന്നു
വാക്കുകൾ നേർവഴി കാട്ടട്ടെ ഞങ്ങൾക്ക്
ഉണ്മതൻ ദീപം തെളിച്ചിടട്ടെ

നന്മതൻ ദീപം നിറമാല ചാർത്തുന്ന
ദിവ്യപ്രകാശമേ നീ നയിക്കൂ
അറിവിൻ നറുതിരി ഞങ്ങളിലെന്നും
അണയാതെയുള്ളിൽ പ്രഭചൊരിയൂ

അന്തമില്ലാത്തൊരാഴിതൻ വീചികൾ
അറിവായ് ഞങ്ങളിലേകുവാനായ്
അവിരാമമെന്നും കനിവായ് മാറുമീ
അനവദ്യ ഗീതമേ നീ നയിക്കൂ...

**- ശ്രീമതി.ഉഷ.സി.വി**

(HSA Malayalam)

# ജിമ്മി ഡൊണാൾ വെയിൽസ്



ജിമ്മി വെയിൽസ് 1966 ഓഗസ്റ്റ്-7 ന് ജനിച്ചു. ഒരു സ്വതന്ത്ര സർവ്വ വിജ്ഞാന കോശമായ വിക്കിപ്പീഡിയയും മറ്റു പല വിക്കിസംരഭങ്ങളും നടത്തുന്ന ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന കോർപ്പറേഷനായ വിക്കിപ്പീഡിയ ഫൗണ്ടേഷന്റെ സ്ഥാപകനും, വിക്കിമീഡിയ ഫൗണ്ടേഷന്റെ ബോർഡ് ഓഫ് ട്രസ്റ്റീസിലെ ഒരു അംഗവുമാണ് യുണൈറ്റഡ് സ്റ്റേറ്റ്സിലെ അലബാമയിൽ ജനിച്ച ജിമ്മി 2001 ലാണ് ലാറി സാങ്ങറിനൊത്ത് വിക്കിപ്പീഡിയക്ക് തുടക്കമിട്ടത്. അദ്ദേഹം ഫോർ-പ്രോഫിറ്റ് കമ്പനിയായ വിക്കിയയുടേയും സ്ഥാപകനാണ്. മെയ് 2006-ൽ ഏറ്റവും സ്വാധീനം ചെലുത്തിയ 100 വ്യക്തികളിലൊരാളായി വെയിൽസ് തിരഞ്ഞെടുക്കപ്പെട്ടു. 2017 ഏപ്രിലിൽ ജിമ്മി വെയ്ൽസ് വ്യാജവാർത്തകൾ പരക്കുന്നത് തടയിടാനായി വിക്കിട്രിബ്യൂൺ എന്ന പേരിട്ടിരിക്കുന്ന പുതിയ ഓൺലൈൻ മാധ്യമം പ്രഖ്യാപിച്ചു.

## മുൻകാലജീവിതം


അലബാമയിലെ ഹണ്ട്സ് വില്ലായിൽ 1966 ഓഗസ്റ്റ് 7-ന് അർദ്ധരാത്രിക്ക് മുമ്പ് വെയ്ൽസ് ജനിച്ചു. ജനന സർട്ടിഫിക്കറ്റ് ആഗസ്റ്റ് എട്ട് ആയി കണക്കാക്കപ്പെടുന്ന അദ്ദേഹത്തിന്റെ പിതാവ് ജിമ്മി ഒരു പലചരക്ക് സ്റ്റോർ മാനേജരായി ജോലി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ അമ്മ ഡോറിസ് ആൻ (നീ ഡഡ്ലി), അദ്ദേഹത്തിൻറെ മുത്തശ്ശി എർമ ഹൗസ് ഓഫ് ലേണിംഗ് നടത്തിയിരുന്നു. പാരമ്പര്യമായി ഒറ്റമുറിയുള്ള സ്കൂൾ ഹൗസ് ആയ ഒരു ചെറിയ സ്വകാര്യ സ്കൂളിൽ അവർ പ്രവർത്തിച്ചു വന്നിരുന്നു. അവിടെ വെയിൽസും അദ്ദേഹത്തിന്റെ മൂന്ന് സഹോദരങ്ങളും തങ്ങളുടെ ആദ്യകാല വിദ്യാഭ്യാസം ചെയ്തു. കുട്ടിയെന്ന നിലയിൽ, വെയിൽസ് ഒരു ബൌദ്ധിക ജിജ്ഞാസപരമായ വായനക്കാരനായിരുന്നു. അദ്ദേഹത്തിന് മൂന്ന് വയസുള്ളപ്പോൾ, അമ്മ ഡോർ-ടു-ഡോർ പുസ്തക വില്പ്പനക്കാരനിൽ നിന്നും ഒരു വേൾഡ് ബുക്ക് എൻസൈക്ലോപീഡിയ വാങ്ങി അദ്ദേഹത്തിന് സമ്മാനിച്ചു. വായിച്ചു പഠിച്ചുകൊണ്ട് അദ്ദേഹം വളർന്നു. അത് ഭക്ത്യാദരവിലെ ഒരു വസ്തുവായി മാറി.



Kerala Infrastructure and Technology for Education

അത് അദ്ദേഹത്തിന്റെ വിരൽത്തുമ്പിൽ സമൃദ്ധമായ വിജ്ഞാനത്തിന്റെ പരിപൂർണ്ണത നൽകി. അതിലെ ഭൂപടങ്ങളും, പേശികളുടെയും ധമനികളുടെയും ദഹനേന്ദ്രിയത്തിന്റെയും തവളയുടെ ദഹനവ്യവസ്ഥയുടെയും ചിത്രങ്ങളും വിജ്ഞാനത്തിൽ പര്യവേക്ഷണം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ വേൾഡ് ബുക്കിന് കുറവുകൾ ഉണ്ടെന്ന് വെയിൽസ് ഉടൻ കണ്ടെത്തി: അതിൽ വിജ്ഞാനപ്രദമായ കാര്യങ്ങൾ എത്രമാത്രം ആവശ്യം ഉണ്ടായിരുന്നുവോ അത്രയധികം കാര്യങ്ങൾ ഉണ്ടായിരുന്നില്ല. എൻസൈക്ലോപീഡിയ പുതുക്കാനായി പേജുകൾ കൂട്ടാനുമായി ഉടമസ്ഥർക്ക് സ്റ്റിക്കറുകൾ അയച്ചു. വെയിൽസ് സ്റ്റിക്കറുകളിലൂടെ പ്രവർത്തിപ്പിക്കാൻ ശ്രദ്ധിക്കുകയും, പറയുകയും ചെയ്തു, "ഞാൻ ഒരു തമാശയായി കുട്ടിയായിരിക്കുമ്പോൾ തന്നെ എന്റെ അമ്മ വാങ്ങിതന്നതുപോലെ മറ്റൊരു എൻസൈക്ലോപീഡിയ തിരുത്തിയെഴുതാൻ തുടങ്ങി.

2010 ലെ വിക്കിമാനിയയിൽ വിക്കിമീഡിയ ഫൗണ്ടേഷൻ സ്ഥാപകനായ ജിമ്മി വെയിൽസ് മലയാളം വിക്കിപീഡിയ ഓഫ്‌ലൈൻ വേർഷൻ സി.ഡി പ്രദർശിപ്പിക്കുന്നു. ലാറ്റിനേതര ഭാഷകളിൽ ഓഫ്‌ലൈൻ വേർഷൻ ആദ്യമായി പുറത്തിറക്കി എന്ന പ്രത്യേകത ഈ സി.ഡി ക്കുണ്ടെന്ന് അദ്ദേഹം പരാമർശിച്ചു.






KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# അമ്മ

ഒൻപതുപേരവർ കൽപ്പണിക്കാർ ഒരമ്മപെറ്റവരായിരുന്നു
ഒൻപതുപേരും അവരുടെ നാരിമാരൊൻപതും ഒന്നിച്ചു വാണിരുന്നു
കല്ലുകൾച്ചെത്തിപ്പടുക്കുമാകൈകൾക്ക് കല്ലിനെക്കാളുറപ്പായിരുന്നു
നല്ലപകുതികൾ നാരിമാരോ കല്ലിലെ നീരുറവായിരുന്നു
ഒരുകല്ലടുപ്പിലെ തീയിലല്ലോ അവരുടെ കഞ്ഞി തിളച്ചിരുന്നു
ഒരു വിളക്കിൻ വെളിച്ചത്തിലല്ലോ അവരുടെ തീനും തിമിതിമിർപ്പും
ഒരു കിണർ കിനിയുന്ന നീരല്ലോ കോരികുടിക്കാൻ കുളിക്കുവാനും
ഒൻപതറകൾ വെവ്വേറെ അവർക്കന്തിയുറങ്ങുവാൻ മാത്രമല്ലോ
ചെത്തിയകല്ലിന്റെ ചേലുകണ്ടാൽ കെട്ടിപ്പടുക്കും പടുതകണ്ടാല്
അ കൈവിരുതു പുകഴ്ത്തുമാരും അ പുകഴ് ഏതിനും മീതെയല്ലോ
കോട്ടമതിലും മതിലകത്തെ കൊട്ടാരം കോവിൽ കൂത്തമ്പലവും
അവരുടെ കൈകൾ പടുത്തതത്രേ അഴകും കരുത്തും കൈകോർത്തതത്രേ
ഒൻപതും ഒൻപതും കല്ലുകൾ ചേർന്നൊരുശിൽപ ഭംഗി തളിർത്തപോലേ
ഒൻപതുകൽപ്പണിക്കാരവർ നാരിമാരൊൻപതും ഒന്നിച്ചു വാണിരുന്നു
അതുകാലം കോട്ടതൻ മുന്നിലായി പുതിയൊരു ഗോപുരം കെട്ടുവാനായ്
ഒത്തു പതിനെട്ടുകൈകൾ വീണ്ടും ഉത്സവമായ് ശബ്ദഘോഷമായി
കല്ലിനും മീതെയായ് നൃത്തമാടി കല്ലുളി കൂടങ്ങൾ താളമിട്ടു
ചെത്തിയകല്ലുകൾ ചാന്തു തേച്ചു ചേർത്തു പടുക്കും പടുതയെന്തേഇക്കുറി വല്ലായ്മയാർന്നുപോയി
ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും ...
ചെത്തിയകല്ലുകൾ ചാന്തു തേച്ചു ചേർത്തു പടുക്കും പടുതയെന്തേഇക്കുറി
വല്ലയ്മയാർന്നുപോയി ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും
കല്ലുകൾ മാറ്റിപ്പടുത്തുനോക്കി കയ്യുകൾ മാറിപ്പണിഞ്ഞു നോക്കി
ചാന്തുകൾ മാറ്റിക്കുഴച്ചുനോക്കി ചാർത്തുകളൊക്കെയും മാറ്റിനോക്കി
തെറ്റിയതെന്താണെവിടെയാവൊ ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും
എന്താണപോംവഴിയെന്നൊരൊറ്റച്ചിന്തയവരിൽ പുകഞ്ഞുനിൽക്കെ
വെളിപാടുകൊണ്ടാരോ ചൊല്ലിയത്രെ അധികാരമുള്ളോരതേറ്റു ചൊല്ലി
ഒൻപതുണ്ടല്ലോ വധുക്കളെന്നാൽ ഒന്നിനെചേർത്തീ മതിൽപടുത്താൽ
ആ മതിൽ മണ്ണിലുറച്ചുനിൽക്കും ആ ചന്ദ്രതാരമുയർന്നുനിൽക്കും
ഒൻപതുണ്ടത്രേ പ്രിയവധുക്കൾ അൻപിയെന്നോരവരൊന്നുപൊലെ
ക്രൂരമാമീബലിക്കായതിൽനിന്ന് ആരെയൊരുവളെ മാറ്റിനിർത്തും
കൂട്ടത്തിലേറ്റവും മൂപ്പെഴുന്നോൻ തെല്ലൊന്നുറ്റത്തോടപ്പോൾ പറഞ്ഞുപോയി
ഇന്നുച്ചനേരത്ത് കഞ്ഞിയുമായ് വന്നെത്തിടുന്നവൾ ആരുമാട്ടെ
അവളെയും ചേർത്തീ മതിൽ പടുക്കും അവളീപ്പണിക്കാർതൻ മാനം കാക്കും
ഒൻപതുപേരവർ കൽപ്പണിക്കാർ ഒൻപതു മെയ്യും ഒരു മനസ്സും
എങ്കിലും ഒൻപതുപേരുമപ്പോൾ സ്വന്തം വധുമുഖം മാത്രമോർത്തു
അശുഭങ്ങൾ ശങ്കിച്ചുപോകയാലോ അറിയാതെ നെടുവീർപ്പുതിർന്നുപോയി

ഒത്തു പതിനെട്ടുകൈകൾ വീണ്ടും ഭിത്തി പടുക്കും പണി തുടർന്നു
തങ്ങളിൽ നോക്കാനുമായിടാതെ എങ്ങോ മിഴിനട്ടു നിന്നവരും
ഉച്ചവെയിലിൽ തിളച്ചകഞ്ഞി പച്ചിലതോറും പകർന്നതാരോ
അക്കഞ്ഞിപാർന്നതിൻ ചൂടുതട്ടി പച്ചത്തലപ്പുകളൊക്കെ വാടി
കഞ്ഞിക്കലവും തലയിലേന്തി കയ്യാലെതാങ്ങിപ്പിടിച്ചുകൊണ്ടേ
മുണ്ടകപ്പാടവരംബിലൂടെ മുന്നിലെചെന്തെങ്ങിൻ തോപ്പിലൂടെ
ചുണ്ടത്ത് തുമ്പച്ചിരിയുമായി മണ്ടിക്കിതച്ചുവരുന്നതാരോ മണ്ടിക്കിതച്ചുവരുന്നതാരോ
മൂക്കിന്റെതുമ്പത്ത് തുങ്ങിനിന്നു മുത്തുപോൽ ഞാത്തുപോൽ വേർപ്പുതുള്ളി
മുന്നിൽ വന്നങ്ങനെ നിന്നവളോ മൂത്തയാൾ വേട്ടപെണ്ണായിരുന്നു
ഉച്ചക്കകഞ്ഞിയും കൊണ്ടുപോരാൻ ഊഴമവളുടേതായിരുന്നു
ഒൻപതുപേരവർ കൽപ്പണിക്കാർ ഒൻപതു മെയ്യും ഒരു മനസ്സും
എങ്കിലുമേറ്റവും മൂത്തയാളിൻ ചങ്കിലൊരുവെള്ളിടിമുഴങ്ങി
കോട്ടിയ പ്ലാവില മുന്നിൽ വച്ചു ചട്ടിയിൽ കഞ്ഞിയും പാർന്നു വച്ചു
ഒറ്റത്തൊട്ടുകറി കൂടെ വച്ചു ഒൻപതുപേർക്കും വിളമ്പി വച്ചു
കുഞ്ഞിനെ തോളിൽ കിടത്തി തന്റെ കുഞ്ഞിന്റെയച്ഛന്നടുത്തിരിക്കെ
ഈ കഞ്ഞിയൂട്ടൊടുക്കത്തെയാണെന്ന് ഓർക്കുവാനാസതിക്കായതില്ല
ഓർക്കപ്പുറത്താണശനിപാതം ആർക്കറിയാമിന്നതിൻ മുഹൂർത്തം
കാര്യങ്ങളെല്ലാമറിഞ്ഞവാറെ ഈറനാം കണ്ണ് തുടച്ചുകൊണ്ടേ
വൈവശ്യമൊക്കെ അകത്തൊതുക്കി കൈവന്ന കൈപ്പും മധുരമാക്കി
കൂടെപ്പൊറുത്ത പുരുഷനോടും കൂടപ്പിറപ്പുകളോടുമായി
ഗത്ഗതത്തോടു പൊരുതിടുപോൽ അക്ഷരമോരോന്നുമൂന്നിയൂന്നി
അന്ത്യമാം തന്നഭിലാഷപ്പോൾ അഞ്ജലിപൂർവ്വം അവൾ പറഞ്ഞു
ഭിത്തിയുറക്കാനീപ്പെണ്ണിനേയും ചെത്തിയകല്ലിന്നിടക്കു നിർത്തി
കെട്ടിപ്പടുക്കുമൻപൊന്നെനിക്കുണ്ട് ഒറ്റയൊരാഗ്രഹം കേട്ടുകൊൾവിൻ
കെട്ടിമറയ്ക്കല്ലെൻ പാതി നെഞ്ചം കെട്ടിമറയ്ക്കല്ലേയെന്റെ കയ്യും
എന്റെ പൊന്നോമന കേണിടുമ്പോൾ എന്റെയടുത്തേക്ക് കൊണ്ടുപോരൂ
ഈ കയ്യാൽ കുഞ്ഞിനെയേറ്റുവാങ്ങി ഈമുലയൂട്ടാൻ അനുവധിക്കു
ഏതുകാറ്റുമെൻ പാട്ടുപാടുന്നു ഏതു മണ്ണിലും ഞാൻ മടയ്ക്കുന്നു
മണ്ണളന്ന് തിരിച്ചു കോൽനാട്ടി മന്നരായ് മധിച്ചവർക്കായി
ഒൻപതു കൽപ്പണിക്കാർ പടുത്ത വൻപിയെന്നൊരാക്കോട്ടതൻ മുന്നില്
ഇന്നുകണ്ടേനപ്പെണ്ണിൻ അപൂർണ്ണസുന്ദരമായ വെൺശിലാശിൽപ്പം
എന്തിനോവേണ്ടി നീട്ടിനിൽക്കുന്ന ചന്തമോലുന്നൊരാവലം കൈയ്യും
ഞെട്ടിൽനിന്ന് പാൽ തുള്ളികൾ ഊറും മട്ടിലുള്ളൊരാ നഗ്നമാം മാറും
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ അമ്മ അമ്മയെന്നാർത്തു നിൽക്കുന്നു
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ അമ്മ അമ്മയെന്നാർത്തു നിൽക്കുന്നു.

**– ഒ.എൻ.വി**



Thomas Varghese
8E



Prafeetha.K.S
9A



Prafeetha.K.S
9A

# കവിത പെണ്ണാണ്

ഏത് പഹയനാണ്,പെണ്ണ്
ഒരു കവിതയാണെന്ന പറഞ്ഞത് ?
സത്യത്തിൽ നേരെ തിരിച്ചാണത്.
നാട്ടുകാരുടെ യാതനകളോർത്ത്
രാത്രികൾ ഹോമിച്ചവളാണ് കവിത
സ്വന്തം അസ്ഥിത്വത്തെ മസാലക്കൂട്ടാക്കി
സ്വന്തം കണ്ണീരുപ്പ് ചേർത്ത്
രുചിക്കുറവുകളും പാകവ്യത്യാസങ്ങളും ശരിപ്പെടുത്തി
വായനക്കാർക്ക് വിളമ്പുന്നവൾ.
അനീതിയെ കണ്ടെന്നും കണ്ടില്ലെന്നും നടിച്ച്
ഇല്ലാത്തവ ചേർത്ത് പരദൂഷണം പറഞ്ഞ്
പ്രകൃതിയെ മണത്ത് , പകലിനെ വെറുത്ത്
ആഴ്ചയിലേഴ ദിവസവും ഇരുപത്തിനാലു മണിക്കൂറും
ഇടവേളകയില്ലാത്ത അസ്വസ്ഥതയിൽ മുഴുകിയവൾ ,
കവിതയെന്നത് ഇവളല്ലേ ?

**-സുൽത്താന.എം**

# വൈക്കം മുഹമ്മദ് ബഷീർ

മലയാള നോവലിസ്റ്റും കഥാകൃത്തു സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു.ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം:21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്).1982-ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്ന ബഷീർ.

## ജീവിതരേഖ

- 1908 ജനനം
- 1942 അറസ്റ്റും ജയിൽവാസവും; ആദ്യകൃതി 'പ്രേമലേഖനം'
- 1944 'ബാല്യകാലസഖി'
- 1947 'ശബ്ദങ്ങൾ'
- 1951 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് '
- 1953 'ആനവാരിയും പൊൻകുരിശും'
- 1954 'ജീവിതനിഴല്പാടുകൾ', 'വിശപ്പ് '
- 1958 വിവാഹം
- 1959 'പാത്തുമ്മയുടെ ആട് '
- 1965 'മതിലുകൾ '
- 1970 കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്
- 1975 'ചിരിക്കുന്ന മരപ്പാവ'
- 1981 കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്
- 1982 പത്മശ്രീ
- 1987 ഡി.ലിറ്റ് ബിരുദം
- 1994 മരണം

1908 ജനുവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട)തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ളീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്ന ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ാ ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ_കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്ന കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു

എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട് കണ്ടുകെട്ടി. തുടർന്ന് കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെ അടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

## സാഹിത്യശൈലി

സാമാന്യം മലയാളഭാഷ അറിയാൻ ആർക്കും ബഷീർ സാഹിത്യം വഴങ്ങും. വളരെ മാത്രമെഴുതിയിട്ടും ബഷീറിയനിസം അല്ലെങ്കിൽ ബഷീർ സാഹിത്യം എന്നത് മലയാളത്തിലെ ഒരു സാഹിത്യ ശാഖയായി മാറിയത് അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങളുടെ കരുത്തുകൊണ്ടായിരുന്നു. ഹാസ്യം കൊണ്ട് അദ്ദേഹം വായാനക്കാരെ ചിരിപ്പിച്ചു കൂടെ കരയിപ്പിക്കുകയും ചെയ്തു.

സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസ്സുറ്റതായി, കാലാതിവർത്തിയായി. ജയിൽപ്പുള്ളികളും, ഭക്ഷക്കാരും, വേശ്യകളും, പട്ടിണിക്കാരും, സ്വവർഗ്ഗാനുരാഗികളും നിറഞ്ഞ ഒരു ഫാന്റസിയായിരുന്ന ബഷീറിന്റെ ലോകം. ഇത്തരം കഥാപാത്രങ്ങളുടെ ചിന്തകൾക്കോ, വികാരങ്ങൾക്കോ അതുവരെയുള്ള സാഹിത്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. സമൂഹത്തിനു നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിലൊളിപ്പിച്ചുവച്ചു. സമൂഹത്തിൽ ഉന്നത നിലവാരം പുലർത്തുന്നവർ മാത്രം നായകൻമാരാവുക, മുസ്ലീം കഥാപാത്രങ്ങളെ വില്ലന്മാരായി ചിത്രീകരിക്കുക തുടങ്ങിയ പ്രവണതകളിൽ നിന്നും നോവലുകൾക്ക് മോചനം നൽകിയത് ബഷീറാണ് . തീക്ഷ്ണമായ അനുഭവങ്ങളുടെ തീവ്രത അദ്ദേഹത്തിന്റെ കൃതികളെ അനശ്വരമാക്കി മുസ്ലീം സമുദായത്തിൽ ഒരു കാലത്തു നിലനിന്നിരുന്ന എല്ലാവിധ അനാചാരങ്ങൾ ക്കെതിരെയും വിമർശനാത്മകമായി അദ്ദേഹം തൂലിക ചലിപ്പിച്ചു.

## ബഷീറിന്റെ കൃതികൾ

- പ്രേമലേഖനം
- ബാല്യകാലസഖി
- ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്
- ആനവാരിയും പൊൻകുരിശും
- പാത്തുമ്മയുടെ ആട്
- മതിലുകൾ
- ഭൂമിയുടെ അവകാശികൾ
- ശബ്ദങ്ങൾ
- അനുരാഗത്തിന്റെ ദിനങ്ങൾ
- സ്ഥലത്തെ പ്രധാന ദിവ്യൻ
- വിശ്വവിഖ്യാതമായ മൂക്ക്
- ഭാർഗ്ഗവീനിലയം
- കഥാബീജം
- ജന്മദിനം
- ഓർമ്മക്കുറിപ്പ്
- അനർഘനിമിഷം
- വിഡ്ഢികളുടെ സ്വർഗ്ഗം
- മരണത്തിന്റെ നിഴൽ
- മുച്ചീട്ടുകളിക്കാരന്റെ മകൾ
- പാവപ്പെട്ടവരുടെ വേശ്യ
- ജീവിതനിഴൽപാടുകൾ
- വിശപ്പ്
- ഒരു ഭഗവദ്ഗീതയും കുറെ മുലകളും
- താരാ സ്പെഷ്യൽസ്
- മാന്ത്രികപ്പൂച്ച
- നേരും നുണയും
- ഓർമ്മയുടെ അറകൾ
- ആനപ്പൂട

# അശ്വമേധം

ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ ?

ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!

വിശ്വസംസ്കാരവേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണു ഞാൻ!

നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പയു-
മെൻ കുതിരയെ, ചെമ്പൻ കുതിരയെ?

എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ!

കോടികോടി പുരുഷാന്തരങ്ങളിൽ-
ക്കൂടി നേടിയതാണതിൻ ശക്തികൾ.

വെട്ടി വെട്ടി പ്രകൃതിയെ മല്ലിട്ടു-
വെറ്റി നേടിയതാണതിൻ സിദ്ധികൾ!

മന്ത്രമായൂരപിഞ്ഛികാചാലന-
തന്ത്രമല്ലതിൻ സംസ്കാരമണ്ഡലം!

കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽ വച്ചെൻ പ്രപിതാമഹർ

കണ്ടതാണീക്കുതിരയെ;ക്കാട്ടുപുൽ-
ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ;

കാട്ടുചോലകൾ പാടിയപാട്ടുക-
ളേറ്റുപാടിപ്പഠിച്ചു മുത്തശ്ശിമാർ;

ഇന്നലത്തെ ചരിത്രം മയങ്ങുന്ന
മണ്ണിലൂടെ കുതിച്ചുപാഞ്ഞീടവെ

എത്രയെത്ര ശവകുടീരങ്ങളിൽ
നൃത്തമാടിയതാണാക്കുളമ്പുകൾ!

ദൃപ്തരാഷ്ട്ര പ്രതാപങ്ങൾതൻ കോട്ട-
കൊത്തളങ്ങളെപ്പിന്നിട്ടും യാത്രയിൽ,
എത്ര കൊറ്റക്കുടകൾ,യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കുണുകൾ,-

അക്കുളമ്പടിയേറ്റുവീണുപോയ്;
അത്രയേറെബ്ഭരണകൂടങ്ങളും!

കുഞ്ചിരോമങ്ങൾതുള്ളിച്ചുതുള്ളിച്ചു
സഞ്ചരിച്ചോരിച്ചെമ്പൻകുതിരയെ,

പണ്ടു ദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ.

പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്നു പടപ്പാളയങ്ങളിൽ!

ആഗമതത്വവേദികൾ വന്നപോൽ
യോഗദണ്ഡിതിലിതിനെത്തളയ്ക്കുവാൻ!

എന്റെ പൂർവികരശ്വഹൃദയജ്ഞ;
രെന്റെ പൂർവികർ വിശ്വവിജയികൾ,

അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞു യുഗങ്ങൾതൻ ഗായകർ!

മണ്ണിൽനിന്നു പിറന്നവർ മണ്ണിനെ -
പ്പൊന്നണിയിച്ച സംസ്കാരശില്പികൾ!

നേടിയതാണവരോടു ഞാ,-നെന്നിൽ
നാട്ടുണർന്നോരുനാളിക്കുതിരയെ!

ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
മായുകില്ലെന്റെ ചൈതന്യവീചികൾ!

ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണുഞാൻ!
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ
ആരൊരാളിക്കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ




## ലിറ്റിൽ കൈറ്റ്സ്

## എൻ.സി.സി യൂണിറ്റ്



# അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും ചാമ്പ മരം

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി. ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം."അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു. അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി. അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം.ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു. അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങിമരത്തിൽ നിന്നു താഴേക്കു വീണു. രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി. അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

**ഗുണപാഠം :: നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും..................**


**-അനുഷ.കെ.വി**

# മടിയൻ

നെല്ല് കൊയ്യാൻ വാടാ
എനിക്കു വയ്യെന്റമ്മേ
നെല്ലുകുത്തെടാ മടിയാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി വെക്കെടാ തടിയാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി കുടിക്കാൻ വാടാ
അങ്ങനെ പറയെന്റമ്മേ

**---ഷുഹൈബ് അക്ക്ത്തർ**

# കാടിനുകാടിന്റെ ഭംഗി




കാടിനു കാടിന്റെ ഭംഗി,പൂന്തോപ്പിനു
നാടൻ കൃഷിക്കാരനേകുന്ന ഭംഗിയും.
കാട്ടുമൃഗത്തിനു തോൽക്കട്ടി മേലങ്കി
നാട്ടു പെണ്ണിന്നോ മൃദുചർമ സൗഭാഗം.
ഞാനുമെൻ ചിന്തയും കൂടിയൊരു ദിന-
മേകാന്ത സാഗര സായന്തനാഭയിൽ
മൂടി നിന്നോരോന്നു തമ്മിൽ പറഞ്ഞു കൊ-
ണ്ടാടിയുലഞ്ഞൂ തിരച്ചുളുക്കങ്ങളിൽ,
സന്ധ്യ പോയ്, മെല്ലെയിരുട്ടായി, കുരുക്കുത്തി -
മുല്ലവിരിഞ്ഞു മുകളിൽ മണവുമായി,
നിന്നിരുന്നേടത്തിരുന്നു കിടന്നു ഞാൻ
കണ്ണിലൊതുക്കാൻ ശ്രമിച്ചു നിശാംബരം

–അയ്യപ്പപണിക്കർ

# പഴഞ്ചൊല്ലുകൾ

1) മിന്നുന്നതെല്ലാം പൊന്നല്ല.
2) പിടിച്ചതിനെ വിട്ട് പറക്കുന്നതിനെ പിടിക്കുക.
3) മുറിവൈദ്യൻ ആളെ കൊല്ലും.
4) മടിയനാടിന് കമ്പിളി ഭാരം.
5) ഒഴിഞ്ഞ പാത്രമേ മുഴക്ക മുണ്ടാക്കു.
6) മുങ്ങിച്ചാകുന്നവന് വൈക്കോലിഴയും താങ്ങ്.
7) അകത്തു കത്തിയും പുറത്തു പത്തിയും.
8) മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ്.
9) വായ് ചക്കര, കൈ കൊക്കര.
10) കുരയ്ക്കും പട്ടി കടിക്കില്ല.
11) ഇല്ലം മുടക്കി ചാത്തം ഊട്ടരുത്.
12) ക്ഷണിക്കാതെ ചെന്നാൽ ഉണ്ണാതെ പോരാം.
13) ഇക്കരെ നിന്നാൽ അക്കരെ പച്ച.
14) മുറ്റത്തെ മുല്ലയ്ക്കു മണമില്ല.
15) ചക്കര വാക്കുകൾകൊണ്ട് വയറു നിറയില്ല.
16) ദാനം കിട്ടിയ പശുവിന്റെ പല്ല് എണ്ണിനോക്കരുത്.
17) കയ്യനങ്ങിയാലെ വായനങ്ങൂ.
18) ഒരു കോഴി കൂകിയാൽ നേരം പുവരില്ല.
19) മെല്ലെ തിന്നാൽ മുള്ളിം തിന്നാം.
20) ആളേറിയാൽ പാമ്പ് ചാവില്ല.
21) നീതിമാൻ പനപ്പോലെ തഴയ്ക്കും.
22) ഈച്ച കൂട്ടിയ തേനും ലുബ്ധൻ നേടിയ ധനവും മറ്റുള്ളവർക്കേ ഉപകരിക്കൂ.
23) താൻ പാതി, ദൈവം പാതി.
24) ഇറ്റെടുക്കാൻ പോയ വാൾ ഇരട്ടപെറ്റു.
25) ഇരിക്കുന്ന കൊമ്പിന്റെ കട മുറിക്കരുത്.
26) കിട്ടാത്ത മുന്തിരി പുളിക്കും.
27) പയ്യെ തിന്നാം പനയും തിന്നാം.
28) തട്ടു കുടിക്കുന്ന വെള്ളത്തിന് സ്വാദുക്കൂടും.
29) മരത്തിനു ഫലം ഭാരമല്ല.
30) അതിമോഹം ചക്രം ചവിട്ടും.
31) അടിച്ചതിന്മേൽ അടിച്ചാൽ അമ്മിയും പറക്കു
32) പലതുള്ളി പെരുവെള്ളം.
33) തെളിച്ച വഴിക്ക് നടന്നില്ലെങ്കിൽ നടന്ന വഴിയ്ക്കു തെളിയ്ക്കുക.
34) കാറ്റുള്ളപ്പോൾ പാറ്റണം.
35) ഉള്ളിലുള്ളത് കണ്ണിലറിയാം.
36) അരുതാത്തതു ചെയ്യുവൻ കരുതാത്തതു കേൾക്കും.
37) ഒന്നു ചത്താൽ മറ്റെന്നിന് വളം.
38) എല്ലാ പുളിയും ഒരിക്കൽ പൂക്കും.
39) തീയില്ലാതെ പുകയില്ല.
40) പാലൂട്ടിയ കൈകളിൽ കയറി കൊത്തരുത്.
41) ഒത്തു പിടിച്ചാൽ മലയും പോരും.
42) വിത്ത് ഗുണം പത്ത് ഗുണം.
43) സമ്പത്ത് കാലത്ത് തൈപത്ത് നട്ടാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം.
44) ചൊട്ടമുതൽ ചുടലവരേ.
45) എല്ലു മുറിയെ പണി എടുത്താൽ പല്ല് മുറിയെ തിന്നാം.
46) മെല്ലെ തിന്നാൽ മുള്ളും തിന്നാം.
47) മുല്ല പൂക്കൊടി ഏറ്റു കിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം.
48) വടി കൊടുത്ത് അടി വാങ്ങരുത്.
49) താൻ കുഴിച്ച കുഴിയിൽ താൻ തന്നെ വീഴും.
50) അമ്മയ്ക്ക് പ്രാണവേദന മകന് വീണവായന

**-ഷമൽ.കെ.എം** (9.ഡി)




Hrithik.S.Biju
8D



Muhammed Nishad.R.M
9D



Sreya.S.Dinesh
9D

# പൂവിടാൻ മറന്ന ചെടി

## തളിർക്കാതെ....

ജീവിതത്തിന്റെ ഉത്സാഹഭരിതമാ-
മങ്കണത്തിൽ ഒരു ശലഭമായവൾ വാനിലുയർന്നു
തേൻ നുകർന്ന് ചില്ലകൾ തോറും.
ഒരു വഴവില്ലായവൾ വാനിലുദിച്ചു

ഓരോ നിലാവിലും ഓരോ ഋതുക്കളും
ഓരോരോ മഴയിലും തുഷാരത്തിലും
എൻ പ്രാണൻനോളം സ്നേഹിച്ച്,പ്രണയിച്ച്
നിൻ ആഗമസന്ധ്യ ഞാൻ കാത്തിരുന്നു

ഇത്രതൻ കാലം കഴിഞ്ഞിട്ടും
എത്തിപിടിക്കാൻ ശ്രമിച്ചിട്ടും
മധ്യം പോൽഎന്നിൽ നിന്നും
വഴുതിയകന്നു പോയി നീ

എൻ ജീവനസാഫല്യത്തിനായി നിൻ
സാമീപ്യം തീർച്ചയാണ്
എൺ മിഴികൾ വിടർത്തി പഴുതിങ്കലൂടെ
നിൻ വരവിനായ് ഞാൻ കാത്തിരുന്നു.

എന്നെ പുണർന്നുകൊണ്ടകതാരിൽ
പ്രഭ ചൊരിഞ്ഞുകൊണ്ട ഒരാനന്ദ
ദീപ്യായെന്നിൽ ഉണരുവാനായ്
എന്ന് ഞാൻ കൊതിച്ചുപോയി.

എൻ ജീവനസരണിയിൽ ഒരു സൗരഭ്യ-
പുഷ്പമായ്   വന്നലിഞ്ഞുവെങ്കിൽ
ഒരു വർണ്ണവസന്തമായ്  നിൻഞാൻ

ഒരു മരുതനെ പോലെ നീ വന്നെൻ
അന്തരാത്മാവിനെ തഴുകിയുണർത്തുമെന്നൊരു
മൊഹം എന്നിൽ സാകൂതമുണർത്തി
എന്നിട്ടും നീ എന്നിൽ അലിഞ്ഞില്ല.
ഒരു മാരിവില്ലായി നീ എൻ ജീവന്റെ
അംശമായി വന്നണഞ്ഞെങ്കിൽ

ജീവിതം ഒരു വെമ്പലായ്
മഴചോൽ പൊഴിയുന്നിതാ.
നിൻ ജന്മം എന്നെ മൊചിപ്പിച്ചീടുന്നു
നിന്നിലൂടെയെൻ ജീവനം ദീപമായ് ജ്വലിക്കവേ
ആ ദീപപ്രജ്ജ്വലന വേളയ്ക്കായ്
ഇനിയുമെത്രകാലം ഞാൻ പ്രതീക്ഷിക്കണം

ധരണിയിൽ ശോഭയോടുണരുന്നതെന്തിനും
നിൻ മാധുര്യസ്പർശം

ഒരു തെന്നലായ് തഴുകിടും
ഒരു ചുംബനമായ് തഴുകിടും
ഇത്രതൻകാലം കഴിഞ്ഞിട്ടും
എൻ ജീവനപാതയിൽ നീ
തളിർത്തില്ല, കായ്ച്ചില്ല
എൻ ജീവിതനേട്ടങ്ങൾ നേടാൻ കഴിയാതെ
ഒരു പാഴ്ജന്മമായ് ഞാൻ മറയുന്നിതാ......

**-തീർത്ഥ.കെ.എസ്**
(9 ഇ)

# ഇ.വി.കൃഷ്ണപിള്ള

പത്തനതിട്ട ജില്ലയിൽ അടൂരിനു സമീപം ഇഞ്ചക്കാട്ടു വീട്ടിൽ 1894 സെപ്റ്റംബർ 16-ന് ജനിച്ചു. അച്ഛൻ അഭിഭാഷകനായിരുന്ന കുന്നത്തൂർ പപ്പുപിള്ള. അമ്മ ഇഞ്ചക്കാട്ട് പുത്തൻവീട്ടിൽ കല്യാണിയമ്മ. പപ്പുപിള്ള കുടുംബ സമേതം പെരിങ്ങനാട്ടേയ്ക്ക് താമസം മാറ്റി. പെരിങ്ങനാട്ട് ചിലങ്ങിരഴികത്ത് വീട്ടിലാണ് താമസിച്ചിരുന്നത്. ഇ.വി. കൃഷ്ണപിള്ള പിന്നീട് നിർമ്മിച്ചതാണ് കൊട്ടയ്ക്കാട്ട് വീട്. പെരിങ്ങനാട്, വടക്കടത്തുകാവ്, തുമ്പമൺ, ആലപ്പുഴ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം സി എം എസ് കോളജിൽ നിന്ന് ഇന്റർമീഡിയറ്റ്, തിരുവനന്തപുരം മഹാരാജാസ് കോളജിൽ നിന്ന് ഒന്നാം റാങ്കോടെ ബി.എ.-യും ജയിച്ചതോടെ ഗവൺമന്റ് സെക്രട്ടേറിയേറ്റിൽ ജോലിയിൽ പ്രവേശിച്ചു.

1919 മേയ് 25-ന് സി.വി. രാമൻപിള്ളയുടെ ഇളയ മകൾ മഹേശ്വരിയമ്മയെ വിവാഹം കഴിച്ചു.

1921-ൽ അസി. തഹസീൽദാരായി നിയമിതനായി. 1922-ൽ സർവ്വീസിൽ നിന്ന് അവധിയെടുത്ത് നിയമപഠനം ആരംഭിച്ചു. 1923-ൽ ബി.എൽ. ജയിച്ച് തിരുവനന്തപുരം ജില്ലാ കോടതിയിൽ പ്രവർത്തനം തുടങ്ങി. 1924-ൽ പ്രവൃത്തി കൊല്ലത്തേക്ക മാറ്റി. കൊല്ലത്തു നിന്നും ഇറങ്ങിയിരുന്ന മലയാളിയുടെ പത്രാധിപത്യം ഏറ്റെടുത്തു. 1927-ൽ ചെന്നൈയിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ പങ്കെടുത്തു. അവിടെ നടന്ന നാട്ടുരാജ്യ പ്രജാസമ്മേളനത്തിൽ തിരുവതാംകൂറിന്റെ പ്രതിനിധിയായി പ്രസംഗിച്ചു. 1931-ൽ കൊട്ടാരക്കര-കുന്നത്തൂർ നിയോജകമണ്ഡലത്തിൽ നിന്ന് തിരുവതാംകൂർ നിയമനിർമ്മാണ കൗൺസിലിലേക്കും, 1932-ൽ പത്തനംതിട്ടയിൽ നിന്ന് ശ്രീ മൂലം അസ്സംബ്ലിയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 1933-ൽ ഹൈക്കോടതിയിൽ പ്രവൃത്തി ആരംഭിച്ചു. മലയാള മനോരമ ആഴ്ച്ചപ്പതിപ്പിന്റെ ആദ്യ പത്രാധിപർ ഇ.വി. കൃഷ്ണപ്പിള്ളയായിരുന്നു. കഥാകൗമുദി, സേവിനി എന്നീ മാസികകളുടെയും പത്രാധിപരായിരുന്നിട്ടുണ്ട്. പ്രശസ്ത നടന്മാരായിരുന്ന അടൂർ ഭാസി (കെ. ഭാസ്കരൻ നായർ), ചന്ദ്രാജി (കെ. രാമചന്ദ്രൻ നായർ), മലയാള മനോരമ ആഴ്ച്ചപ്പതിപ്പിന്റെ പത്രാധിപർ കെ. പത്മനാഭൻ നായർ, കെ. കൃഷ്ണൻ നായർ, കെ. ശങ്കരൻ നായർ, ഓമനക്കുട്ടിഅമ്മ, രാജലക്ഷ്മിഅമ്മ എന്നിവരാണ് മക്കൾ.

1938 മാർച്ച് 30-ന് 43-ആം വയസ്സിൽ തിരുവനന്തപുരത്തുവച്ച് അദ്ദേഹം അന്തരിച്ചു. മൃതദേഹം വിലാപയാത്രയായി ജന്മനാടായ അടൂരിലെ തറവാട്ടുവീട്ടിലെത്തിച്ചശേഷം അവിടെ സംസ്കരിച്ചു.

**-റിസ്‌വാൻ റോഷൻ.കെ**
**(9 സി)**

# പെരുന്തച്ചൻ

കേരളത്തിൽ കാലാകാലങ്ങളായി പ്രചരിച്ചു പോരുന്ന ഐതിഹ്യങ്ങളിലൊന്നായി പറയിപെറ്റ പന്തിരുകുലത്തിലെ ഒരു അംഗമാണ് പെരുന്തച്ചൻ. വരരുചിയാൽ ഉപേക്ഷിക്കപ്പെട്ട ശിശുവിനെ ഉളിയന്നൂരിലെ ഒരു തച്ചനാണ് എടുത്ത് വളർത്തിയതെന്നും, തച്ചു ശാസ്ത്രത്തിലും വാസ്തു ശാസ്ത്രത്തിലും അതിവിദഗ്ധനായിരുന്ന ഉളിയന്നൂർ പെരുന്തച്ചൻ എന്നുമാണ് ഐതീഹ്യം. പെരുന്തച്ചനെ ചെറുപ്പത്തിൽ രാമൻ എന്നാണ് വിളിച്ചിരുന്നത്. വിശ്വകർമ്മ ആണ് കുലദൈവം. ഭാരതത്തിലെ ആദ്യത്തെ പെരുന്തച്ചൻ. കേരളത്തിലെയും തമിഴ്നാട്ടിലെയും പല ക്ഷേത്രങ്ങളും അദ്ദേഹം നിർമ്മിച്ചതാണെന്നാണ് വിശ്വാസം. കൊട്ടാരക്കര ഗണപതി ക്ഷേത്രം ഉദാഹരണമാണ്. പറയിപെറ്റ പന്തിരുകുലത്തിലെ ഉളിയന്നൂർ പെരുന്തച്ചൻ പ്രസിദ്ധനാണ്.

**–ഷമൽ കെ.എം**
**(9 ഡി)**

# കടപ്പാട്.......

ഈ മാഗസിൻ തയ്യാറക്കാൻ സഹായിച്ച ബഹു. ഹെഡ്മാസ്റ്റർ അനിൽ മാസ്റ്റർക്കും, സ്ക്രൂളിന്റെ ഐറ്റി കോർഡിനേറ്റർ ഷജി മാഷിനും, കൈറ്റ് മിസ്ട്രസ്സ് ധന്യ ടീച്ചർക്കും, കൈറ്റ് മാസ്റ്റർ നയനാനന്ദൻ മാഷിനും, ഞങ്ങളെ സഹായിച്ച മറ്റ് അധ്യാപകർക്കും രക്ഷിതാക്കൾക്കും വിദ്യാർഥികൾക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൃതജ്ഞത അറിയിക്കുന്നു.